2025
International Year
of Cooperatives

RCS/10395/2025-EM(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 24-08-2025

## സർക്കുലർ നമ്പർ 28/2025

വിഷയം: സഹകരണ വകുപ്പ് – സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2024 – 25 വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 22/08/2025 തീയതിയിലെ സ.ഉ. (അച്ചടി) നം. 78/2025/LBR നമ്പർ ഉത്തരവ്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-25 വർഷത്തെ ബോണസ് നൽകുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉൽപാദന മേഖലയുമായി ബന്ധപ്പെടാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2025 വർഷത്തെ ബോണസ് സഹകരണ സംഘം രജിസ്ട്രാർ പ്രത്യേകം പുറപ്പെടുവിക്കുന്ന നിർദ്ദേശത്തിനനുസൃതമായിരിക്കുമെന്ന് ടി ഉത്തരവിലെ നിബന്ധന 13-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം സഹകരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള ഉൽപാദന മേഖലയുമായി ബന്ധപ്പെടാത്ത സഹകരണ സ്ഥാപനങ്ങളിലെ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്തിട്ടുള്ള പാർട്ട്-ടൈം-കണ്ടിജന്റ് ജീവനക്കാർ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ റഗുലർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് 2025 വർഷത്തെ ബോണസ് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്.

1. എല്ലാ സഹകരണസംഘങ്ങളും ലാഭനഷ്ടം നോക്കാതെ ജീവനക്കാർക്ക് 2024-25 വർഷത്തെ മൊത്തം വാർഷിക വേതനത്തിന്റെ 8.33%, മാസവേതനം പരമാവധി 7000/- രൂപ എന്ന തോതിൽ കണക്കാക്കി, ബോണസ് നൽകേണ്ടതാണ്.

2. 2024-25 വർഷത്തെ കണക്കനുസരിച്ച് ബോണസ് ആക്റ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം മതിയായ സംഖ്യ വിഭജിക്കാവുന്ന മിച്ചം (Allocable Surplus) ഉള്ള സംഘങ്ങൾ 7000/- രൂപ വരെ മാസവേതനമുള്ള ജീവനക്കാർക്ക് വാർഷിക വേതനത്തിന്റെ 20% ൽ അധികരിക്കാത്ത സംഖ്യ ബോണസ് ആയി നൽകാവുന്നതാണ്.

3. നിബന്ധന 2- ൽ പറഞ്ഞ പ്രകാരം വിഭജിക്കാവുന്ന മിച്ചമുള്ള (Allocable Surplus) സംഘങ്ങൾ 7000/- രൂപയ്ക്ക് മേൽ മാസവേതനമുള്ള ജീവനക്കാർക്ക്, മാസവേതനം 7000/- രൂപ എന്ന് കണക്കാക്കി ആയതിന്റെ 20% ൽ അധികരിക്കാത്ത സംഖ്യ ബോണസ് ആയി നൽകാവുന്നതാണ്.

4. മേൽ ഖണ്ഡിക 2 ൽ പരാമർശിച്ച പ്രകാരം ബോണസ് നൽകുന്ന സ്ഥാപനങ്ങൾ/സംഘങ്ങൾ വിഭജിക്കാവുന്ന മിച്ചത്തിൽ (Allocable Surplus) അധികരിച്ച സംഖ്യ ബോണസ് നൽകുവാൻ പാടില്ല.

5. വിഭജിക്കാവുന്ന മിച്ചം (Allocable Surplus) ഇല്ലാതിരിക്കുകയും, അതേ സമയം 2024-25 വർഷത്തെ കണക്ക് പ്രകാരം നിയമാനുസൃതമായ എല്ലാ റിസർവ്വുകളും വകയിരുത്തിയ ശേഷം അറ്റലാഭം ഉള്ള സംഘങ്ങൾ അറ്റലാഭത്തിന്റെ 40% ൽ അധികരിക്കാത്ത സംഖ്യ വരത്തക്കവിധമുള്ള തോതിൽ രണ്ടും മൂന്നും നിബന്ധനകളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം ജീവനക്കാരുടെ മാസവേതനം ക്ലിപ്തപ്പെടുത്തി ബോണസ് നൽകാവുന്നതാണ്.

6. അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ, കൺകറന്റ് ആഡിറ്ററുള്ള മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കണക്കാക്കുന്ന വിഭജിക്കാവുന്ന മിച്ചവും (Allocable Surplus), 2024-25 വർഷത്തെ അറ്റലാഭവും, അതാത് സ്ഥാപനത്തിലെ കൺകറന്റ് ആഡിറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ആയതിൻ പ്രകാരമാണ് ബോണസ് നൽകുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൺകറന്റ് ആഡിറ്റർമാർ ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

7. നിയമപരമായി സൂക്ഷിക്കേണ്ട കരുതലുകൾക്ക് ആവശ്യമായ തുക വകയിരുത്താതെ ലാഭനഷ്ട കണക്കിൽ കൃത്രിമമായി ലാഭം കാണിക്കുകയും, ടി ലാഭത്തിന്റെ അടിസ്ഥാനത്തിൽ ബോണസ് അധികമായി നൽകാനിടയാകുകയും ചെയ്യുന്ന പക്ഷം അപ്രകാരം അധിക തുക നൽകിയതിനുള്ള ഉത്തരവാദിത്വം അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവിനും, ഭരണസമിതിക്കും ആയിരിക്കും. അധികമായി നൽകുന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുന്നതും, അപ്രകാരം ടി തുക ജീവനക്കാരിൽ നിന്നും ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട ഭരണസമിതിക്കെതിരെ സർചാർജ്ജ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

8. കൺകറന്റ് ആഡിറ്റർ ഇല്ലാത്ത സ്ഥാപനങ്ങൾ തെറ്റായ കണക്കുകളുടെ അടിസ്ഥാനത്തിൽ ബോണസ് നൽകിയതായി ആഡിറ്റർ കണ്ടെത്തുകയാണെങ്കിൽ നിബന്ധന 7 ൽ നിഷ്കർഷിച്ചിരിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

9. ജീവനക്കാർക്ക് ബോണസ് നൽകുന്നത് സംബന്ധിച്ച് സഹകരണ സ്ഥാപനങ്ങളുടെ ബൈലായിലെ വ്യവസ്ഥ എന്തുതന്നെ ആയിരുന്നാലും, 1965 ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ടിലെയും, സൂചന സർക്കാർ ഉത്തരവിലേയും നിബന്ധനകൾക്ക് വിധേയമായി പരമാവധി ബോണസ് ഒന്നും, രണ്ടും, മൂന്നും നിബന്ധനകളിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികരിച്ച് നൽകാൻ പാടുള്ളതല്ല.

10. വിഭജിക്കാവുന്ന മിച്ചം (Allocable Surplus) കണക്കാക്കുന്നത് സംബന്ധിച്ച വിശദാംശം

സഹകരണ സംഘം രജിസ്ട്രാറുടെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

11. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ/വായ്പാ കളക്ഷൻ ജീവനക്കാർക്ക് ടിയാളുകളുടെ കമ്മീഷനിൽ നിന്നും പ്രതിമാസ ശമ്പള പരിധിയായി 5,000/- രൂപ നിശ്ചയിച്ചുകൊണ്ട് ആയതിന് ആനുപാതികമായി മേൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ബോണസ് അനുവദിച്ച നൽകാവുന്നതാണ്.

12. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അപ്രൈസർമാർക്ക് പ്രതിമാസ ശമ്പള പരിധി 5,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് ആയതിന് ആനുപാതികമായി സൂചനയിലെ നിബന്ധനകൾക്ക് വിധേയമായി ബോണസ് അനുവദിച്ച് നൽകാവുന്നതാണ്.

സഹകരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ മുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടല്ലാതെ ജീവനക്കാർക്ക് ബോണസ്സായോ, മറ്റേതെങ്കിലും പേരിലോ യാതൊരുവിധ സംഖ്യയും അധികമായി നൽകുവാൻ പാടുള്ളതല്ല.

(ഒപ്പ്)

Dr. D SAJITH BABU IAS

**സഹകരണ സംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
5. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
6. എല്ലാ കൺകറന്റ് ആഡിറ്റർമാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
7. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും.
8. ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പാൾ,എല്ലാ സഹകരണ ട്രെയിനിംഗ് സെന്ററുകൾക്കും
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
10. എഡിറ്റർ, സഹകരണ വീഥി
11. എഡിറ്റർ, സഹകരണ ജേർണൽ

//ആജ്ഞാനുസരണം//

**Signed by Bindu S**
**Date: 25-08-2025 10:17:45**

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)